കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുപുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്- 2015-16

## ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ കെഎൻ ആർ സി1-2189 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

തീയതി.01.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുപുഴ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം - ചെറുപുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെചട്ടം14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ എസ് എ കെ എൻ ആർ സി1-2189 /2016

തിയ്യതി: 01.02 .2017

# കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 05-12-2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.2016 മുതൽ 16.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.കെ.ശ്രീഭാനു<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഷഹീൻ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിജോഷ്.പി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | |
| | ശ്രീ.ബാബു കിഴക്കേവീട്ടിൽ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. റോഷി ജോസ് | 01.04.2015 മുതൽ 31.10.2015വരെ |
| | ശ്രീമതി.ജമീല.എം.പി. | 19-11-2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | ശ്രീ. ഒ. എം. ജോർജ്ജ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി, കൃഷി ഓഫീസർ ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.11.2015മുതൽ 18.11.2015 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ലാലി മാണി | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പി.വാമനൻ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, പിഎച്ച് സി | ഡോ.മനേഷ്.കെ. | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. മന ശേഖർ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | ഡോ. രാമസുബ്രഹ്മണ്യം | 01.04.15 മുതൽ 31.03.16 വരെ |
| വി. ഇ. ഒ . | ശ്രീ.ഷുക്കൂർ.എം.കെ.പി. | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| | | |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. ലൂസി.സി.ഡി | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി. റോസമ്മ ജോസഫ് | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജയരാജൻ നായർ.കെ. | 01.04.15 മുതൽ 17.08.15 വരെ |
| | ശ്രീ.രാമകൃഷ്ണൻ.യു. | 18.08.15മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമനമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1<br>പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം | |
| 7 | 1-7 | തനത് വരുമാനം | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം | |

| | | | |
|---|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ | |
| 12 | 1-12 | ഗ്രാമസഭ | |
| ഭാഗം-2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | 2-1 | ലേലം - പഞ്ചായത്തിന് തനതുവരുമാനം പൂർണ്ണമായും ലഭ്യമാകുന്നില്ല | |
| 14 | 2-2 | ഡി &ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് - 6800/- രൂപയുടെ നഷ്ടം | |
| 15 | 2-3 | ഡി & ഒ ലൈസൻസ് - സ്ഥാപനങ്ങൾ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല | |
| ഭാഗം-3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | 3-1 | പ്രവർത്തനക്ഷമമല്ലാതെ സോഡിയം വേപ്പർ ലാമ്പുകൾ - വൈദ്യുത ചാർജ്ജിനത്തിൽ അധികബാധ്യത - 2,58,336 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 17 | 3-2 | തെരുവുവിളക്കുകളുടെ റിപ്പയർ - നടപടികൾ ക്രമപ്രകാരമല്ല | |
| 18 | 3-3 | ഇ. എം. എസ്. ഭവനപദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കാൻ 32 പേർ അവശേഷിക്കുന്നു | |
| 19 | 3-4 | വി.ഇ.ഒ.-യുടെ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്. | |
| 20 | 3-5 | അങ്കണവാടികളിൽ ചുമർചിത്രം - സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. | |

| | | | |
|---|---|---|---|
| 21 | 3-6 | അധികമായി നല്കിയ താർവില സിഡ്കോവിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല 2,30,506 രൂപ തടസ്സപ്പെടുത്തുന്നു. | |
| 22 | 3-7 | ഗ്രാമപഞ്ചായത്ത് ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ്. അംഗത്വം എടുത്തിട്ടില്ല. | |
| 23 | 3-8 | പ്രത്യേക ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ വരവ് വന്ന തുകകൾ 34.83 ലക്ഷത്തിലധികം നീക്കിയിരിപ്പ്. | |
| 24 | 3-9 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം | |
| 25 | 3-10 | ആശ്രയ പദ്ധതി നടപ്പാക്കുന്നതിൽ ജാഗ്രത കാണിക്കേണ്ടതാണ് | |
| ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 26 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 27 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം | |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | |
| 29 | 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 30 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 31 | 4-6 | ഓഡിറ്റ് റിക്കവറി | |
| 32 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം | |

| | | | |
|---|---|---|---|
| 33 | 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 34 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| 35 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 26.03.2015 ലെ 42/15-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 11266530 | 35669507 | ബജറ്റ് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഹെഡുകളിലെ തുക ഉൾപ്പെടുത്തിയും റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഇവഉൾപ്പെടുത്താതെയും തയ്യാറാക്കുന്നതിനാൽ താരതമ്യം സാധ്യമായിട്ടില്ല |
| വരവ് | 174802022 | 101935329 | |
| ആകെ | 186068552 | 137604836 | |
| ചെലവ് | 162535270 | 104395527 | |
| നീക്കിയിരിപ്പ് | 23533282 | 33209309 | |

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 27.07.16 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 08-12-2016 & 09-12-2016 | വിശേഷണങ്ങളോട് കൂടിയത് |

അപാകങ്ങൾ ചുവടെ ചേർക്കുന്നു

1-B-5 Secured loans ലെ തുകകൾ B-16 Prepaid expenses ആയി പൊരുത്തപ്പെടുന്നില്ല.

2- സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം വാർഷിക കണക്ക് (R&P) പ്രകാരം 3,00,000 രൂപയാണ്. എന്നാൽ വൗച്ചർ പ്രകാരം 1,50,000 രൂപ മാത്രമാണ് ചെലവ്.

3- വർഷാന്ത്യ ബാങ്ക് ട്രഷറി നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് /എക്കൗണ്ട് നമ്പർ | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | കണ്ണൂർ ജില്ലാ സഹകരണബാങ്ക് ചെറുപുഴ ബ്രാഞ്ച്(തനത് ഫണ്ട്) 1036005001344 | 1,23,33,802 | 1,15,27,430 |
| 2 | പാടിച്ചാൽ സർവീസ് ചെറുപുഴ ബ്രാഞ്ച്((ദുരിതാശ്വാസ നിധി) 2879 | 25,935 | 23,947 |
| 3 | സിന്റിക്കേറ്റ് ബാങ്ക് ,ചെറുപുഴ ബ്രാഞ്ച്((സാക്ഷരത) 42202200026940 | 30,799 | 32,047 |
| 4 | എസ്.ബി.ടി. ചെറുപുഴ ബ്രാഞ്ച്(ജലനിധി) 67212460029 | 3,141 | 7,67,851 |
| 5 | കണ്ണൂർ ജില്ലാ സഹകരണബാങ്ക് ചെറുപുഴ ബ്രാഞ്ച്(ഇ.എം.എസ്) | പാസ്സ് ബുക്ക് ഹാജരാക്കിയില്ല | 3,11,529 |
| 6 | ബ്രാഞ്ച് (സാക്ഷരത) സിന്റിക്കേറ്റ് ബാങ്ക്,ചെറുപുഴ 42202200026940 | 6,258 | 12,138 |

4- വസ്തുനികുതി, വാർഷികകണക്കിലെ തുകകൾ സഞ്ചയ സോഫ്റ്റ് വേയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5-ബി-11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6-ബിൽഡിംഗ് പെർമിറ്റ് ഫീ, ബിൽഡിംഗ് റഗുലറൈസേഷൻ എന്നീ വരവിനങ്ങളുടെ സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തം ഹാജരാക്കിയിട്ടില്ല.

7- കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് യഥാർത്ഥത്തിൽ ലഭിച്ച തുകയല്ല റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിച്ചത്. അധികമായി വരവ് കാണിച്ച തുക ചെലവായികാണിച്ച് ക്രമീകരിക്കുകയാണ് ചെയ്തത്. ഇത് കാരണം വരവിലും ചെലവിലും 10,19,111 രൂപ അധികമായി കാണിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ്/ഇനം | വരവായി കാണിച്ചത് | യഥാർത്ഥ വരവ് | വ്യത്യാസം | ക്രമീകരിക്കുന്നതിന് ചെലവായി കാണിച്ച തുക |
|---|---|---|---|---|---|
| 1 | RP(31)320200101 Development fund General -Capital | 64,33,570 | 60,85,038 | 3,48,532 | 3,48,532 |
| 2 | RP(31)320200108 Maintenance Fund Road Assets | 81,50,558 | 76,93,589 | 4,56,969 | 4,56,969 |
| 3 | RP(24)320200106 Development fund Special grant | 15,10,675 | 12,97,065 | 2,13,610 | 2,13,610 |
| ആകെ | | | | | 10,19,111 |

8- ബി-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ടു ബെനിഫിഷ്യറി കമ്മിറ്റി കൺവീനർ എന്ന ശീർഷകത്തിൽ കാണിച്ച തുക ഫൈനൽ ബിൽ നൽകി ക്രമീകരിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ തൻവർഷം തുക ക്രമീകരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 3,56,69,507 |

| | |
|---|---|
| വരവ് | 10,19,35,329 |
| ആകെ | 13,76,04,836 |
| ചെലവ് | 10,43,95,527 |
| നീക്കിബാക്കി | 3,32,09,309 |

നേരിട്ട് ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് മാറ്റപ്പെട്ട ക്ഷേമ പെൻഷൻ തുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലാളികളുടെ അക്കൌണ്ടുകളിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യപ്പെട്ട തുകയും വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി(RP 40(b) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 4459357+1543420 (Special Grant) 60,02,777 | 6085038+ 1297065 (Special Grant) 73,82,103 | (+)8577209 | 2,19,62,089 | 2,19,62,089 | 0 |
| വികസനഫണ്ട് (എസ് സി പി) | 14,70,884 | 36,49,219 | - | 51,20,103 | 51,20,103 | 0 |
| വികസനഫണ്ട് (ടി എസ് പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 8,81,327 | 76,93,589 | 0 | 85,74,916 | 85,74,916 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 9,90,692 | 47,73,499 | 0 | 57,64,191 | 57,64,191 | |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 38,30,720 | 1,09,97,452 | (-)48,37,209 | 99,90,963 | 99,90,963 | |
| ലോകബാങ്ക് ധനസഹായം | 45,65,000 | 36,16,856 | (-)37,40,000 | 44,41,856 | 44,41,856 | |
| ബി ഫണ്ട് | 0 | 3,14,73,300 | | 3,14,73,300 | 3,14,73,300 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 9,245 | 2,33,44,583 | | 2,33,53,828 | 2,33,47,570 | 6,258 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 90979127 | 169 | 62335443 | 6 | 14 | 89 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)71/15-16 ചെറുപുഴ – പാമ്പൻകല്ല് , പെരുംകുടൽ - മുളപ്ര റോഡ് ടാറിംഗ്

2)151/15-16 ചെറുപുഴ – പാമ്പൻകല്ല് , പെരുംകുടൽ - മുളപ്ര റോഡ് പുനരുദ്ധാരണം

3) 167/2015-16 പുളിങ്ങോം പകൽ വീട് നിർമ്മാണം.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 66,99,999 | 60,03,796 | 6,96,203 | (-)10 |
| നികുതിയേതര വരവുകൾ | 23,47,469 | 18,05,376 | 5,42,093 | (-)23 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 90,47,468 | 78,09,172 | 12,38,296 | (-)14 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,32,480 | 166 |
| കർഷകതൊഴിലാളി പെൻഷൻ | 67,52,250 | 850 |
| വിധവാപെൻഷൻ | 81,21,840 | 888 |
| വാർദ്ധക്യകാലപെൻഷൻ | 1,30,03,620 | 1,667 |
| വികലാംഗപെൻഷൻ | 33,13,110 | 337 |
| വിവാഹധനസഹായം | 1,50,000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-12-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65,857രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 180ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

1)സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. യോഗത്തിൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം നിർബന്ധിത അജണ്ടയായി ചർച്ച ചെയ്യേണ്ടതുമാണ്. എന്നാൽ പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് ചേരുന്നില്ല.

2)റജിസ്റ്ററുകളുടെ സൂക്ഷിപ്പ് : തദ്ദേശ സ്വയംഭരണ (എ സി) വകുപ്പിന്റെ 4.6.11.ലെ 21384/എ സി 3/11 കത്തിലെ ഖണ്ഡിക 16പ്രകാരം "ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചുമത്തുന്ന ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിൻമേൽ തുക ഈടാക്കിയിട്ടുണ്ടോ എന്നറിയാൻ കൃത്യമായ രേഖകൾ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ് . എന്നാൽ തുക ഒടുക്കാതെ നോട്ടീസിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും റജിസ്റ്ററുകളിൽ ചേർക്കേണ്ടതാണ്. എന്നാൽ ഈ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

3)വ്യക്തി വിവര റജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് : ഗ്രാമ പഞ്ചായത്തിൽ വിവിധ തസ്തികകളിൽ (വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ തലവനടക്കമുള്ളത്) വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ

പേര്, വിലാസം, സേവനകാലയളവ് , സ്ഥലംമാറ്റ വിവരം, മേൽ ഖണ്ഡിക 2പ്രകാരം അവർക്കെതിരെയുള്ള ഓഡിറ്റ് പരാമർശം എന്നീ വിവരങ്ങൾ അടങ്ങിയ റജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടുണ്ട് എന്നാണ് വിശദീകരിക്കപ്പെട്ടതെങ്കിലും പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല.

4)ഫ്രണ്ട് ഓഫീസ് സംവിധാനം വിലയിരുത്തേണ്ടതാണ് : ഗ്രാമപഞ്ചായത്തിന്റെ ഭരണനിർവഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് എന്ന ലോക്കൽഫണ്ട് അക്കൗണ്ട്സ് നിയമസഭാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2/7/2009 ലെ ജി ഒ (എം.എസ്) 123/2009 ഉത്തരവ് പ്രകാരം രൂപീകരിച്ച ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനം പ്രസിഡണ്ട് ചെയർമാനും, സെക്രട്ടറി കൺവീനറുമായ മോണിറ്ററിങ് സമിതി കൃത്യമായി വിലയിരുത്തേണ്ടതാണ്. എന്നാൽ ആയത് സംബന്ധിച്ച രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-10-2016മുതൽ 22-10-2016വരെ | 01-09-2016മുതൽ 30-09-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-02-2011 മുതൽ 17-02-2011 വരെ | 01-04-2005 മുതൽ 2009-10 വരെ | 16-04-2011 |

## 1-12 ഗ്രാമസഭ

പഞ്ചായത്ത് രാജ് ചട്ടങ്ങൾ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3/8/2004ലെ സർക്കുലർ നം. 22675/L3/99 എന്നിവ പ്രകാരം ഒരു വർഷത്തിൽ നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണെന്ന നിബന്ധന ഓഡിറ്റ് കാലയളവിൽ പാലിച്ചിട്ടില്ല. ഉദാഹരണത്തിന് 3-ാം വാർഡ് കോലുവള്ളി, 4-ാം വാർഡ് ചുണ്ട, 14-ാം വാർഡ് എയ്യൻകല്ല്, 15-ാം വാർഡ് പ്രാപൊയിൽ എന്നീ ഗ്രാമസഭാ മിനുട്സ് പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 06/2015, 02/2016 എന്നീ മാസങ്ങളിൽ മാത്രമാണ് യോഗം ചേർന്നത്. ഗ്രാമസഭ സമയബന്ധിതമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലം - പഞ്ചായത്തിന് തനതുവരുമാനം പൂർണ്ണമായും ലഭ്യമാകുന്നില്ല

എ) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചെറുപുഴ ബസ് സ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം 18.03.2015- ന് നടന്ന ആദ്യലേലത്തിൽ ആരും കൈക്കൊണ്ടിട്ടില്ല. തുടർന്ന് പുനർലേലനടപടികൾ കൈക്കൊള്ളുന്നതിന് പകരം പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ ചർച്ച നടത്തി 68,000/- രൂപയ്ക്ക് ശ്രീ. ബാലൻ മഠത്തിലെ വീട്ടിൽ എന്നയാൾക്ക് നൽകാൻ

ധാരണയാവുകയായിരുന്നുവെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള ( എൻക്വയറി നം. 7/09.12.2016 ) മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 18.03.2015 – ന് നടന്ന ആദ്യലേലത്തിൽ ലേലം കൈക്കൊള്ളാനായി കൂടുതൽ ആളുകൾ മുന്നോട്ടു വരാത്ത സാഹചര്യത്തിലും ബസ് സ്റ്റാന്റ് ഫീസ് പിരിച്ചെടുത്ത് വിജയകരമായി നടത്തിക്കൊണ്ടുപോകൽ സാമ്പത്തികമായി വിജയകരമാകുമോ എന്ന സംശയവും മൂലവുമാണ് മേൽ നടപടി സ്വീകരിച്ചതെന്നും സെക്രട്ടറി അറിയിച്ചു.

ബി) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുളിങ്ങോം ബസ് സ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്തുനൽകിയിട്ടില്ല. പ്രസ്തുത ബസ് സ്റ്റാന്റ് ചെറുപുഴ ടൗണിൽ നിന്നും ആറു കിലോമീറ്റർ ദൂരപരിധിയിലാണെന്നും കൂടുതലും കെ.എസ്. ആർ. ടി. സി. ബസ്സുകളാണ് സർവീസ് നടത്തുന്നതെന്നും കൂടാതെ ആവശ്യമായ സ്ഥലസൗകര്യങ്ങൾ ബസ് സ്റ്റാന്റിൽ ഇല്ലാത്തതിനാലും നാളിതുവരെയായി പുളിങ്ങോം ബസ് സ്റ്റാന്റ് ഫീസ് ലേലം ചെയ്തു നൽകിയിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. ബസ് സ്റ്റാന്റ് ഫീസ് ലേലം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

സി) ചെറുപുഴ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം 93,000/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ. മോൻസി ജോസഫ് , കൊല്ലം പറമ്പിൽ എന്നയാൾ നാളിതുവരെയായും ആകെ 33,250/- രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ. ടിയാനിൽ നിന്നും ബാക്കി തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. പയ്യന്നൂർ മുൻസിഫ് കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു.

ഡി) 2015-16 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന് ലേല ഇനത്തിൽ ആകെ ലഭിക്കേണ്ടിയിരുന്ന 3,07,800/- രൂപയിൽ 2,27,450/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 2015-16 വർഷം ലേല ഇനങ്ങളിൽ നിന്ന് 80,350/- രൂപ ഇനിയും ലഭിക്കാനുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനങ്ങളിലെ സുപ്രധാനവും എളുപ്പം ലഭ്യമാകാൻ സാധ്യതയുള്ളതുമായ ലേലം പോലുള്ളവ കോടതി വ്യവഹാരങ്ങളിൽപെട്ട് പഞ്ചായത്തിന് ലഭ്യമാകാൻ വൈകുന്നുവെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഭാവിയിൽ കൂടുതൽ വിശ്വാസ്യതയുള്ള ആളുകൾക്ക് മാത്രം ലേലം ചെയ്ത് വസ്തുവകകളുടെ അവകാശം നൽകാൻ പഞ്ചായത്ത് ശ്രദ്ധ പുലർത്തേണ്ടതാണ്. ലേലം വകയിൽ വാർഷിക വരുമാന വർദ്ധനവ് നാമമാത്രമാകുന്ന പ്രവണതയാണ് നിലവിലുള്ളത്.

## 2-2 ഡി &ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് - 6,800/- രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്ത് ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ താഴെ പറയുന്ന വ്യക്തികൾ / സ്ഥാപനങ്ങൾ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി അടവാക്കാത്തതിനാൽ 6,800/- രൂപയുടെ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിടനം | പേര് | പ്രതിദിന വിറ്റുവരവ് (Rs) | ഈടാക്കിയ ഫീസ് രശീത് നം/തിയ്യതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | VI/731 | കെ.എം.ജോളി | 20,000 | 300/11503104220/ | 500 | 200 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 01.02.06 | | |
| 2 | II/985 | എം.എം.ജോസഫ് | 20,000 | 300/11503104515/11.2.16 | 500 | 200 |
| 3 | II/428 | ജെയിൻ സെബാസ്റ്റ്യൻ | 49,000 | 500/11503102883 /13.10.2015 | 1,000 | 500 |
| 4 | II/441B | ഷിജു ജോർജ് | 50,000 | 200/11503103082/27.10.15 | 1000 | 800 |
| 5 | II/564N | മനോജ് വി.ആർ | 10,500 | 100/11503103089/27.10.15 | 300 | 200 |
| 6 | XVII/ 519 A | ബിനു മാത്യു | 10,000 | 100/11503103288 /19.11.15 | 200 | 100 |
| 7 | II/1558 | സാംസൺ ജോർജ് | 40,000 | 300/11503100264 /20.04.15 | 1000 | 700 |
| 8 | V/170 | എ.എസ്. രാജു | 98,000 | 1000/11503100465 /29.04.05 | 2000 | 1000 |
| 9 | II/564C | തോമസ് ജോസഫ് | 40,000 | 500/11503105026 /04.05.15 | 1000 | 500 |
| 10 | VI/193 | ജയിംസ് ജോസഫ് | 75,000 | 300/11503100892 /30.05.15 | 2000 | 1700 |
| 11 | III/192 | മോഹനൻ വി.വി. 11503100951/ 2.06.15 | 12,000 | 200/11503100951 /02.06.15 | 300 | 100 |
| 12 | XV/149 | കെ.എം. നാരായണൻ 11503101068/10.06.15 | 25,000 | 100/11503101068/10.06.15 | 500 | 400 |
| 13 | II/454 | കെ.എസ്. ജീവൻ 11503101285/23.06.15 | 20,000 | 100/11503101285/23.06.15 | 500 | 400 |
| | | ആകെ | | | | 6,800 |

നഷ്ടമായ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് - സ്ഥാപനങ്ങൾ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഡി & ഒ ലൈസൻസുള്ള 705 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയെല്ലാം തന്നെ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് പ്രവർത്തിച്ചുവരുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 08/09.12.2016) നൽകിയ മറുപടിയിൽ, ഡി & ഒ ലൈസൻസിനുള്ള എല്ലാ അപേക്ഷകളിലും ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയതിനു ശേഷമാണ് ലൈസൻസ് നൽകി വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർ ഫീൽഡ്

പരിശോധന നടത്തി നൽകുന്ന സാക്ഷ്യപത്രം മാത്രമാണ് ഇത്. സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളോടും സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രവർത്തനക്ഷമമല്ലാതെ സോഡിയം വേപ്പർ ലാമ്പുകൾ - വൈദ്യുത ചാർജ്ജിനത്തിൽ അധികബാധ്യത – 2,58,336 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ നിലവിൽ വൈദ്യുതി ചാർജ്ജ് ഒടുക്കിക്കൊണ്ടിരിക്കുന്ന തെരുവുവിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കണക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തെരുവ് വിളക്ക് ഇനം | വാട്സ് | എണ്ണം | പ്രതിമാസ നിരക്ക് | ആകെ തുക |
|---|---|---|---|---|---|
| 1 | മെറ്റൽ ഫിലമെന്റ് ലാമ്പ് | 40 | 75 | 61 | 4,575 |
| 2 | സോഡിയം വേപ്പർ ലാമ്പ് | 250 | 52 | 414 | 21,528 |
| 3 | ഫ്ലൂറസെന്റ് ലാമ്പ് | 80 | 9 | 124 | 1,116 |
| 4 | സി. എഫ്. എൽ | 22 | 300 | 14 | 4,200 |
| | ആകെ | | 436 | | 31,419 |

01.07.2007 – ൽ പ്രവർത്തിച്ചിരുന്ന വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഈ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് 2016 – ലും വൈദ്യുതിചാർജ്ജ് ഒടുക്കിവരുന്നത് . പ്രതിമാസം 31,419/- രൂപ നിരക്കിൽ 2015-16 സാമ്പത്തികവർഷം 3,77,028 (12 x 31419 = 3,77,028 ) രൂപയാണ് ഗ്രാമ പഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്.

എ ) പ്രതിവർഷ അധികബാധ്യത – 2.58 ലക്ഷം രൂപ

01.07.2007 –ൽ പ്രവർത്തനക്ഷമമായിരുന്ന 52 സോഡിയം വേപ്പർ ലാമ്പുകൾക്ക് വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം 21,528/- രൂപ ഇപ്പോഴും ഗ്രാമപഞ്ചായത്ത് കെ. എസ്. ഇ. ബി. ക്ക് നൽകിവരുന്നുണ്ട്. അതായത് പ്രതിവർഷം 2,58,336/- രൂപയാണ് ഈയിനത്തിൽ ഒടുക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഈ സോഡിയം വേപ്പർ ലാമ്പുകൾ നിലവിൽ ഒന്നുപോലും പ്രവർത്തിക്കുന്നില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പൊതു ധനം കരുതലോടെ വിനിയോഗിക്കുന്നതിനുള്ള ജാഗ്രത ഇവിടെ ഉണ്ടായിട്ടില്ലെന്ന് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാണ്. തങ്ങൾക്ക് നഷ്ടമൊന്നും വരുന്നില്ല എന്ന ഉത്തരവാദപ്പെട്ടവരുടെ മനോഭാവം പ്രോത്സാഹിപ്പിച്ചു കൂടാത്തതാണ്. പ്രവർത്തിക്കാത്ത സോഡിയം വേപ്പർ ലാമ്പുകൾക്ക് വൻതുക വൈദ്യുതിചാർജ്ജ് ഒടുക്കേണ്ടിവരുന്നതിനാൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അനാവശ്യച്ചെലവ് ഒഴിവാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. 2,58,336/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി ) സംയുക്ത പരിശോധന നടത്തിയിട്ടില്ല

01.07.2007-ന ശേഷം നാളിതുവരെയായി സംയുക്ത പരിശോധന നടത്തുകയോ നിലവിൽ പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. സംയുക്തപരിശീലനം നടത്തുന്നതിനായി 18.06.2014, 07.07.2015എന്നീ തീയ്യതികളിൽ കെ. എസ്. ഇ. ബി. യോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നതായി സെക്രട്ടറി അറിയിച്ചു. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. സംയുക്തപരിശോധന അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
പ്രതിമാസം അടവാക്കുന്ന തുകയുടെ മുക്കാൽ പങ്കം അടച്ചുകൊണ്ടിരിക്കുന്നത് ( 21,528/-) സോഡിയം വേപ്പർ ലാമ്പുകളുടെ ചാർജ്ജാണ്. എന്നാൽ ആകെ കണക്കാക്കിയിട്ടുള്ള 432 വിളക്കുകളിൽ 52 എണ്ണം മാത്രമാണ് എസ്. വി. എൽ. എസ്. വി. എൽ. ഒരെണ്ണത്തിന്റെ പ്രതിമാസ ചാർജ്ജ് 414 രൂപയാണ്. എന്നാൽ സി.എഫ്.എൽ ഒന്നിന്റെ പ്രതിമാസ നിരക്ക് കേവലം 14 രൂപ മാത്രമാണ്. അതായത്, ഒരു എസ്. വി.എൽ - ന്റെ വൈദ്യതിച്ചെലവിൽ 30 സി.എഫ്.എൽ പ്രവർത്തിപ്പിക്കാം. 52 എസ്. വി. എൽ -ന്റെ ചെലവിൽ 1,500 – ൽ അധികം സി. എഫ്. എൽ. സ്ഥാപിക്കാവുന്ന സാഹചര്യവുമുണ്ട്. മാത്രമല്ല, പ്രവർത്തനരഹിതമായ സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി പകരം സി. എഫ്. എൽ. സ്ഥാപിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കേ, ഇത്തരത്തിൽ മാറ്റി സ്ഥാപിച്ച വിളക്കുകളുടെ വിവരം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

മേൽകാര്യങ്ങളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതണ്.

## 3-2 തെരുവുവിളക്കുകളുടെ റിപ്പയർ - നടപടികൾ ക്രമപ്രകാരമല്ല

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 2015 – 16 വർഷത്തിൽ തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതിന് ശ്രീ. ഗിരീശൻ ടി. എം. എന്നവർക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം | നൽകിയ തുക @ 600 | വൗച്ചർ നം./ തിയ്യതി |
|---|---|---|---|---|
| 1 | 3 | 32 | 19,200 | 21500333 / 31.07.2015 |
| 2 | 5 | 49 | 29,400 | 21500262 / 13.07.2015 |
| 3 | 9 | 47 | 28,200 | 21500282 / 20.07.2015 |
| 4 | 12 | 20 | 12,000 | 21500556 / 11.09.2015 |
| 5 | 14 | 27 | 16,200 | ,, ,, |
| 6 | 16 | 15 | 9,000 | ,, ,, |
| 7 | 11 | 31 | 18,600 | 21500551 / 09.09.2015 |
| 8 | 1 | 22 | 13,200 | 21500549 / 09.09.2015 |
| 9 | 6 | 25 | 15,000 | 21500543 / 09.09.2015 |
| 10 | 7 | 19 | 11,400 | ,, ,, |
| 11 | 13 | 18 | 10,800 | 21500520 / 04.09.2015 |
| 12 | 19 | 35 | 21,000 | ,, ,, |
| 13 | 15 | 31 | 18,600 | 21500592 / 22.09.2015 |

| | | | | |
|---|---|---|---|---|
| 14 | 18 | 17 | 10,200 | ,, ,, |
| 15 | 8 | 3 | 1,800 | ,, ,, |
| 16 | 7 | 1 | 1,200 | ,, ,, |
| 17 | 4 | 2 | 1,200 | ,, ,, |
| 18 | 2 | 4 | 2,400 | ,, ,, |
| | ആകെ | 398 | 2,39,400 | |

തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു പകരം ഒരു വിളക്കിന്റെ റിപ്പയർ ചാർജ് (@600/-) ക്വാട്ട് ചെയ്ത് നൽകുകയാണ് പഞ്ചായത്ത് ചെയ്തിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിക്ക് മുൻകാലത്ത് കരാർ ഏറ്റെടുത്ത സ്ഥാപനം പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചതിനാലും പ്രവൃത്തി ഏറ്റെടുക്കാൻ മറ്റാരും കടന്നുവരാൻ തയ്യാറാകാഞ്ഞ സാഹചര്യത്തിലുമാണ് ഈ രീതിയിൽ തുക നൽകിയത് എന്നാണ് സെക്രട്ടറി വിശദീകരിച്ചത്.

കൂടാതെ മേൽ പട്ടികയിൽ ക്രമനമ്പർ 16 പ്രകാരം ഒരു വിളക്ക് റിപ്പയർ ചെയ്തതിന് 1200/- രൂപ നൽകിയിരിക്കുന്നു. അധികം നൽകിയ 600/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ഇ. എം. എസ്. ഭവനപദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കാൻ 32 പേർ അവശേഷിക്കുന്നു

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിൽ നടപ്പാക്കിയ ഇ. എം. എസ്. ഭവനപദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതുവരെ ( 12/2016 ) ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | നൽകാൻ ബാക്കിയുള്ള തുക | അവസാനഗഡു നൽകിയ തീയ്യതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | റോസമ്മ കുളത്തി | 67,500 | 7,500 | 15.04.2013 | വലിപ്പം കൂടുതൽ |
| 2 | വൽസമ്മ പയറ്റ് വീട് | 52,500 | 22,500 | 01.06.2012 | ലിന്റൽ |
| 3 | സുശീല കണ്ടത്തിൽ | 67,500 | 7,500 | 29.02.2012 | വലിപ്പം കൂടുതൽ |
| 4 | ജോസഫ് എം. എം. | 67,500 | 7,500 | 01.06.2012 | ,, |
| 5 | എൽസമ്മ ചെറിയാൻ | 22,500 | 52,500 | 26.03.2012 | പണി തുടങ്ങിയില്ല |
| 6 | സാബു | 22,500 | 52,500 | 21.06.2011 | ,, |

| | | | | | |
|---|---|---|---|---|---|
| | പാലക്കുന്നേൽ | | | | |
| 7 | വാസു തറയിൽ | 52,500 | 22,500 | 01.06.2012 | ബേസ്മെന്റ് |
| 8 | ദേവസ്യ ചില്ലിക്കുന്നേൽ | 52,500 | 22,500 | 02.07.2015 | ലിന്റൽ |
| 9 | ഇ.എ. ജോസഫ് | 67,500 | 7,500 | 01.03.2012 | വലിപ്പം കൂടുതൽ |
| 10 | ഏലിക്കുട്ടി കരുതക്കയ്യിൽ | 67,500 | 7,500 | 01.06.2012 | ലിന്റൽ |
| 11 | റെജി ജോർജ്ജ് | 67,500 | 7,500 | 06.09.2013 | ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല |
| 12 | ബെന്നി പള്ളിത്താഴത്ത് | 52,500 | 22,500 | 27.08.2012 | „ |
| 13 | മാത്യു പൗലോസ് | 67,500 | 7,500 | 24.09.2014 | വലിപ്പം കൂടുതൽ |
| 14 | ശോശാമ്മ ജോണി | 67,500 | 7,500 | 07.10.2014 | ലിന്റൽ |
| 15 | ശാന്തമ്മ രവി | 67,500 | 7,500 | 01.06.2012 | വലിപ്പം കൂടുതൽ |
| 16 | വൽസല പി.ആർ | 67,500 | 7,500 | 15.05.2013 | „ |
| 17 | സുജാത സുരേഷ് | 67,500 | 7,500 | 16.04.2013 | „ |
| 18 | കുര്യൻ ഓരത്ത് | 67,500 | 7,500 | 01.06.2012 | „ |
| 19 | രാധ പുത്തൻപുരയിൽ | 52,500 | 22,500 | 28.06.2011 | „ |
| 20 | കുഞ്ഞിക്കണ്ണൻ എ.വി. | -- | -- | 01.12.2011 | സ്ഥലം വിറ്റു |
| 21 | കുഞ്ഞിരാമൻ ആലിങ്കീൽ | 67,500 | 7,500 | 20.06.2013 | ലിന്റൽ |
| 22 | ശശിധരൻ എൻ.കെ. | 22,500 | 52,500 | 29.02.2012 | ബേസ്മെന്റ് |
| 23 | എം.ബി. സുരേഷ് | 67,500 | 7,500 | 15.04.2013 | വലിപ്പം കൂടുതൽ |

| | | | | | |
|---|---|---|---|---|---|
| 24 | കാർത്ത്യായനി പനയന്തട്ട | 67,500 | 7,500 | 24.05.2013 | ,, |
| 25 | ബേബി പി.സി. | 67,500 | 7,500 | 27.08.2012 | ,, |
| 26 | ആയിഷ ബീവി | 67,500 | 7,500 | 25.03.2014 | ,, |
| 27 | അഫ്സൽ മാടപ്പുറം | 67,500 | 7,500 | 16.04.2013 | ,, |
| 28 | റോസമ്മ മത്തായി | 67,500 | 7,500 | 15.05.2013 | ,, |
| 29 | സുജാത എം. കെ. | 67,500 | 7,500 | 19.04.2013 | ,, |
| 30 | ലളിത ഗോപാലകൃഷ്ണൻ | 52,500 | 22,500 | 26.03.2012 | ,, |
| 31 | തോമസ് പി.എം. | 22,500 | 52,500 | 15.04.2013 | ,, |
| 32 | ജാനകി കെ.വി. | 67,500 | 7,500 | 15.05.2013 | ,, |

ഗുണഭോക്താക്കളുമായി ഉണ്ടാക്കിയ കരാർ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വി. ഇ. ഒ.-യുടെ അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്.

ഇ. എം. എസ്. ഭവനപദ്ധതിക്കായി വി.ഇ.ഒ. ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ 31.03.2014 ന് വരവ് വന്ന തുകയിൽ (അക്കൗണ്ട് നം. 1036007000001, കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, ചെറുപുഴ ബ്രാഞ്ച് ) 16.12.2016 ന് 1,55,600/- രൂപ അവശേഷിക്കുന്നുണ്ട്. തുക ഇ.എം.എസ് ലോൺ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-5 അങ്കണവാടികളിൽ ചുമർചിത്രം - സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

പ്രോജക്റ്റ് നം . SO 134 / 16 – അങ്കണവാടികൾക്ക് ചുമർചിത്രങ്ങൾ വരക്കൽ

നിർവഹണോദ്യോഗസ്ഥ – ഐ. സി. ഡി. എസ്. സൂപ്പർവൈസർ

അടങ്കൽ - 1,00,000 (എം.ജി.-നോൺ റോഡ് )

ചെലവ് - 1,00,000 (ബിൽ നം. 5/15-16 / 28.09.2015 )

മേൽ പ്രോജക്റ്റിന്റെ ഭാഗമായി അങ്കണവാടികൾക്ക് ചുമർചിത്രങ്ങൾ വരച്ചതിന് 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജി. ഒ. (എം.എസ്.) 362 /2013 ത.സ്വ.ഭ.വ. തീ. 16.11.2013 പ്രകാരം പരിഷ്കരിച്ച പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012 – 17) മാർഗരേഖയിലോ അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം , പ്രവേശനോൽസവം എന്നിവ സംബന്ധിച്ച 31055 / ഡി.ഡി.2 / 2011 ത.സ്വ.ഭ.വ. തീ. 22.03.2011 പ്രകാരമുള്ള സർക്കുലറിലോ അങ്കണവാടികൾക്ക് ചുമർചിത്രങ്ങൾ വരക്കുന്നതിന് അനുമതി നൽകിയതായി കാണുന്നില്ല. പദ്ധതി മാർഗരേഖയിലോ സർക്കാർ ഉത്തരവുകളിലോ പരാമർശിക്കാത്ത പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു.

ഇത്തരം പദ്ധതികൾ നടപ്പാക്കിയതിന് ഉപോൽബലകമായ ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്.

## 3-6 അധികമായി നല്കിയ താർവില സിഡ്കോവിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല 230506 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ,

പഞ്ചായത്തിലെ 2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിനായി താർ ലഭ്യമാക്കുന്നതിന് സിഡ്കോവിന് 41,79,789 രൂപ നല്കിയിരുന്നു. (ഡി.ഡി.നമ്പർ 364707 തീയതി 24-12-2015). എന്നാൽ പ്രസ്തുതസ്ഥാപനം 39,49,283 രൂപയുടെ താർ മാത്രമാണ് ലഭ്യമാക്കിയത്. വിതരണം ചെയ്യാത്ത താറിന്റെ വിലയായ 2,30,506 രൂപ ഇതുവരെയായി അസിസ്റ്റന്റ് എഞ്ചിനീയറുടെ എക്കൗണ്ടിൽ തിരികെ വരവ് വന്നിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/08-12-2016) തുക തിരികെ ലഭിക്കുന്നതിന് സിഡ്കോക്ക് രണ്ട് തവണ കത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. 2,30,506 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഗ്രാമപഞ്ചായത്ത് ജീവനക്കാർ എസ്.എൽ.ഐ., ജി.ഐ.എസ്. അംഗത്വം എടുത്തിട്ടില്ല.

സർവ്വീസിൽ പ്രവേശിക്കുന്ന 50 വയസ്സ് കഴിയാത്ത ജീവനക്കാർ, സർവ്വീസിൽ പ്രവേശിച്ച് ഒരുമാസത്തിനകം എസ്.എൽ.ഐ. അംഗത്വവും ഒരുവർഷത്തിനകം ജി.ഐ.എസ്. അംഗത്വവും എടുക്കേണ്ടതാണ്. [ജി.ഒ.(പി) 511/2004/ഫിൻ. തീയ്യതി 02.11.04, ജി.ഒ.(പി)381/2011 /ഫിൻ.തീയ്യതി.06.09.11] അല്ലാത്ത പക്ഷം ആദ്യ ഇൻക്രിമെന്റ് അനുവദിക്കാൻപാടില്ലാത്തതാണ്. താഴെ പറയുന്ന ജീവനക്കാർ എസ്.എൽ.ഐ. ജി.ഐ.എസ്. അംഗത്വം എടുത്തിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | സ്കെയിൽ | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീമതി.ലാലിമാണി | അസിസ്റ്റന്റ് സെക്രട്ടറി | 20,240 | 16180-29180 | എസ്.എൽ.ഐ. അംഗത്വം എടുത്തിട്ടില്ല |
| 2 | രജിത്ത്. ആർ. | എക്കൗണ്ടന്റ് | 16,180 | 14620-25280 | എസ്.എൽ.ഐ. അംഗത്വം എടുത്തിട്ടില്ല |
| 3 | സുഹൈബ്.സി.കെ. | ക്ലർക്ക് | 10,480 | 9940-16580 | എസ്.എൽ.ഐ., ജി.ഐ.എസ്. അംഗത്വം എടുത്തിട്ടില്ല |
| 4 | സോണിയ.കെ. | ക്ലർക്ക് | 10,210 | 9940-16580 | ജി.ഐ.എസ്. അംഗത്വം എടുത്തിട്ടില്ല |

സർക്കാർ നിർദ്ദേശിച്ച നിരക്കിൽ എസ്.എൽ.ഐ. ജി.ഐ.എസ്. അംഗത്വം എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പ്രത്യേക ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ വരവ് വന്ന തുകകൾ 35.94 ലക്ഷത്തിലധികം നീക്കിയിരിപ്പ്.

പ്രത്യേക ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ വരവ് വന്ന തുകകൾ പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ലഭിച്ച വർഷം | ലഭിച്ചതുക | വിനിയോഗിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കാണം വയൽ എസ്.ടി.കോളനി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | 2015-16 | 10,00,000 | 0 | 10,00,000 |
| 2 | സമ്പൂർണ്ണ ശുചിത്വം | 2015-16 | 5,40,000 | 0 | 5,40,000 |
| 3 | ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം | 2015-16 | 7,68,198 | 1,82,127 | 5,86,071 |
| 4 | പൈക്ക | 2013-14 | 71,110 | - | 71,110 |
| 5 | വികലാംഗ സ്കോളർഷിപ്പ് | 2015-16 | 15,15,000 | 2,50,000 | 12,65,000 |
| 6 | ശ്മശാനം ചുറ്റുമതിൽ | 2013-14 | 21,146 | - | 21,146 |
| 7 | പശ്ചിമഘട്ട വികസനം | | 2,26,475 | 1,15,120 | 1,11,355 |
| ആകെ | | | | | 35,94,682 |

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുക വനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-9 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം

1-വരവ് - ചെലവ് കണക്കുകൾ

| ക്രമ നം | വർഷം | മുന്നിരിപ്പ് | വരവ് + പലിശ / lfmsമുഖാന്തിരം | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|
| 1 | 2015-16 | 9,245 | 2,33,44,583 | 2,33,53,828 | 2,33,47,570 | 6,258 | 99.97 |

ബാങ്കിന്റെ പേര് : സിന്റിക്കേറ്റ് ബേങ്ക് മയ്യിൽ അക്കൗണ്ട് നമ്പർ 42432200040218

2- ഭരണ ചെലവ്

| ക്രമ നം | ആകെ ചെലവ് | യഥാർത്ഥ ഭരണ ചെലവ് | 6% തുക | കുറവ് | കുറവ് |
|---|---|---|---|---|---|
| 1 | 2,33,47,570 | 6,96,785 | 14,00,854 | 7,04,069 | 50.25% |

3-വാർഷിക പദ്ധതി /ലേബർ ബഡ്ജറ്റ്

ഓഡിറ്റ് കാലയളവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും നടപ്പാക്കിയത്75% ശതമാനം മാത്രമാണ്. വിശദവിവരം താഴെ ചേർക്കുന്നു

| ക്രമനം | വർഷം | വാർഷിക പദ്ധതി /ലേബർ ബഡ്ജറ്റ് പ്രകാരം അംഗീകരിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ | നടപ്പാക്കൽ % |
|---|---|---|---|---|
| 1 | 2015-16 | 240 | 182 | 75.83 |

അംഗീകരിച്ച പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഗ്രാമസഭ മുഖാന്തിരം അംഗീകരിച്ച് വന്ന പ്രവൃത്തികൾ പൂർണമായും നടപ്പിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-പങ്കാളിത്തം സംബന്ധിച്ച വിവരം

| ക്രമനം | ഇനം | 2015-16 |
|---|---|---|
| 1 | പുതുതായി റജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 260 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5,671 |
| 3 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2,672 |
| 4 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2,372 |
| 5 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 108 |
| 6 | തൊഴിൽ ലഭിച്ചവരുടെ ശതമാനം | 88.77 |
| 7 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 92,411 |

മേൽ പട്ടികയിൽ നിന്നും രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ നൽകിയിട്ടില്ല. തൊഴിൽ ആവശ്യപ്പെട്ടിട്ട് തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിൽ രഹിത വേതനം നൽകണം എന്നതടക്കമുള്ള നിബന്ധനകളുള്ള ആകർഷകമായ പദ്ധതിയായിട്ടും ഗ്രാമപഞ്ചായത്തിലെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങളേയും ഈ പദ്ധതിയിൽ പൂർണമായി ഉൾപ്പെടുത്തുവാൻ സാധിക്കാത്തതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമസഭയിലൂടേയും മറ്റും പദ്ധതിയുടെ ഗുണമേന്മകൾ സംബന്ധിച്ച് കൂടുതൽ പ്രചരണം നടത്തേണ്ടതാണ്.

5- മറ്റ് ഓഡിറ്റ് പരാമർശങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുമായി മാത്രം ബന്ധപ്പെട്ട പ്രത്യേക പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

തൊഴിലുറപ്പ പദ്ധതിയിൽ ജോലി ചെയ്ത മുഴുവൻ ബി.പി.എൽ കുടുംബങ്ങളേയും ആർ.എസ്.ബി.വൈ.യിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

പരാതിപരിഹാരസംവിധാനം എന്ന നിലയിൽ ആഴ്ചയിൽ ഒരുദിനം തൊഴിലുറപ്പ് ദിനമായി ആചരിക്കാറില്ല.

വി.ഇ.ഒ. എല്ലാ വർക്ക് സൈറ്റും നിർബന്ധമായും സന്ദർശിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ഉത്പാദനമേഖലയിലെ പ്രോജക്റ്റുകളുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കണമെന്ന നിർദേശം നടപ്പാക്കിയില്ല. ഉത്പാദനമേഖലയുടെ സ്ഥായിയായ വളർച്ചക്ക് ഭാവിയിൽ നിർബന്ധമായും രണ്ടു പദ്ധതികളും കൂട്ടി യോജിപ്പിക്കേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി നടപ്പാക്കുന്നതിൽ ജാഗ്രത കാണിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 2015-16 ആശ്രയ കുടുംബങ്ങൾ - വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രോജക്റ്റ് നമ്പർ 1 | പ്രോജക്റ്റ് നമ്പർ 1l |
|---|---|---|
| ആശ്രയ കുടുംബങ്ങൾ | 55 | 30 |
| വീട് വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | - | 3 |
| നാളിതുവരെ ലഭിച്ചവർ | - | - |
| വീട് ആവശ്യമുള്ളവർ | 11 | 18 |
| നാളിതുവരെ ലഭിച്ചവർ | 7 | 2 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | - | 10 |
| നാളിതുവരെ ലഭിച്ചവർ | - | - |

| | | |
|---|---|---|
| കക്കൂസ് ആവശ്യമുള്ളവർ | - | - |
| നാളിതുവരെ ലഭിച്ചവർ | - | - |
| കുടിവെള്ളം ആവശ്യമുള്ളവർ | 7 | 23 |
| നാളിതുവരെ ലഭിച്ചവർ | 7 | - |

പഞ്ചായത്തിൽ ആകെ 85 ആശ്രയ കുടുംബങ്ങളുണ്ട്. ഇതിൽ 20 പേർ വീട് ആവശ്യമുള്ളവരായി നിലവിലുണ്ട്. സമൂഹത്തിലെ ഏറ്റവും ദുർബലരും അവശരുമായ ജനവിഭാഗത്തിന്റെ ക്ഷേമം മുൻനിർത്തി ഗവൺമെന്റ് ആവിഷ്കരിക്കുന്ന പദ്ധതികൾ അത്തരക്കാരിലേക്ക് എത്തിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ജാഗ്രത പാലിക്കേണ്ടതാണ്. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ സഹകരിച്ച് ആശ്രയ പ്രോജക്ട് നടപ്പാക്കേണ്ടതാണ്. പ്രാഥമികാരോഗ്യകേന്ദ്രം ഇവരുടെ ആരോഗ്യ പരിശോധന കൃത്യമായി നടത്തേണ്ടതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയും, പൊതുവിഭാഗം വികസനഫണ്ടുപയോഗിച്ചും അഗതി കുടുംബങ്ങളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. അഗതി കുടുംബങ്ങളിലെ പതിനെട്ട് വയസ്സിൽ താഴെയുള്ള മുഴുവൻ കുട്ടികളും സ്കൂൾ വിദ്യാഭ്യാസം നടത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് | 2015-16 | 1000000 | കാണം വയൽ എസ്.ടി.കോളനി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | 0 | 1000000 |
| ശുചിത്വ മിഷൻ | 2015-16 | 540000 | സമ്പൂർണ്ണ ശുചിത്വം | 0 | 540000 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 1515000 | വികലാംഗ സ്കോളർഷിപ്പ് | 250000 | 1265000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 620000 | ഐ.സി.ഡി.എസ് | 618350 | 1650 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ നമ്പർ1036290000002 | സ.ഉ.(എം.എസ്) 90/2013 /എൽ.എസ്.ജി.ഡി. തീയതി 14-03-2013 | 6667500 | 3368634 | 666750 | - | 2701884 |
| ഇ.എം.എസ് ലോൺ 10362680001164 | 29736/ഡി.ബി.1 /09/ ത.സ്വ.ഭവ തീയതി 08-06-2009 | 16500000 | 2629500 | 2629500 | - | - |

- (ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങൾ പ്രകാരം തയ്യാറാക്കിയത്)

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20,001/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2005-06 | 3-8 | 459 | സിബീഷ് അഗസ്റ്റിൻ | 11503100844<br>27-05-2015 |
| 2 | 2011-12,<br>2012-13 | 3-1 | 1,467 | മനോജ് കുമാർ .എസ്.<br>ക്ലാർക്ക് | 11503100924<br>02-06-2015 |
| 3 | 2011-12,<br>2012-13 | 3-2 | 500 | ഒ.എം.ജോർജ്,<br>സെക്രട്ടറി. | 11503100925<br>02-06-2015 |
| 4 | 2011-12,<br>2012-13 | 3-2(18) | 100 | മേരി.ജെ.ഗോൺസാൽവസ്<br>ജൂനിയർ സൂപ്രണ്ട് | 11503100974<br>03-06-2015 |
| 5 | 2011-12,<br>2012-13 | 3-2(17) | 75 | നിഷ.എ.വി.,<br>പ്യൂൺ | 11503100975<br>03-06-2015 |
| 6 | 2011-12,<br>2012-13 | 3-2 | 500 | ദിലീപ് കുമാർ.കെ.എസ്.<br>സീനിയർ ക്ലാർക്ക് | 98264100067<br>05-06-2015 |
| 7 | 2007-08 | 3-2 | 2,988 | പി.എസ്.സോമൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | 11503100993<br>08-06-2015 |
| 8 | 2011-12,<br>2012-13 | 3-2 | 100 | ജോസഫ്.പി.എ.,<br>യു.ഡി.ക്ലാർക്ക് | 11503101079<br>11-06-2015 |
| 9 | 2011-12,<br>2012-13 | 3-1,3-2 | 2,047 | രാജീവൻ. ഇ.പി<br>ക്ലാർക്ക് | 11503101083<br>11-06-2015 |
| 10 | 2011-12, | 3-3(1) | 1,635 | വിനോദ് കുമാർ.സി.വി. | 11503101418 |

| | | | | | |
|---|---|---|---|---|---|
| | 2012-13 | | | | 01-07-2015 |
| 11 | 2011-12,<br>2012-13 | 3-3(2) | 150 | വിനോദ് കുമാർ.സി.വി. | 11503101419<br>01-07-2015 |
| 12 | 2011-12,<br>2012-13 | 3-7 | 100 | ലാലിമാണി<br>അസിസ്റ്റന്റ് സെക്രട്ടറി | 11503101423<br>01-07-2015 |
| 13 | 2011-12,<br>2012-13 | 3-7 | 1,200 | പ്രിൻസിപ്പാൾ,<br>വിശ്വജ്ഞാൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 11503101435<br>01-07-2015 |
| 14 | 2011-12,<br>2012-13 | 3-12 | 6,580 | ഒ.എം.ജോർജ്,<br>സെക്രട്ടറി | 11503101447<br>03-07-2015 |
| 15 | 2011-12,<br>2012-13 | | 2,000 | എം.ജി.എൻ.ആർ.<br>ഇ.ജി.എസ്. സ്റ്റാഫ് | 11503103078<br>26-10-2015 |
| 16 | 2011-12,<br>2012-13 | 3-3 | 100 | ചന്ദ്രശേഖരൻ.പി.കെ,<br>ജൂനിയർ സൂപ്രണ്ട് | 11503101422<br>01.07.2015 |
| ആകെ | | | 20,001 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്* | : | 10,19,35,329 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | : | 10,43,95,527 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7,400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,88,842 |

*Receipt & Pay Statement പ്രകാരം

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും

തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 6,800 | | ഒ.എം.ജോർജ്, സെക്രട്ടറി |
| 3-2 | | 600 | ഒ.എം.ജോർജ്, സെക്രട്ടറി |
| ആകെ | 6,800 | 600 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,58,336 | ഒ.എം.ജോർജ്, സെക്രട്ടറി |
| 3-6 | 2,30,506 | വാമനൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 4,88,842 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഒ.എം.ജോർജ്, സെക്രട്ടരി | സെക്രട്ടറി, ചെറുപുഴ ഗ്രാമപഞ്ചായത്ത് | ഓലിക്കുന്നേൽ ഹൗസ്, കാർത്തികപുരം.പി.ഒ. കണ്ണൂർ 670571 |
| വാമനൻ.പി, അസിറ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | പയ്യാനക്കൽ ഹൗസ്, ചൂരൽ, |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2003-04 | എൽ എഫ് കെ എൻ ആർ/ സി4-796/15(1) | 14 | |
| 2004-05 | എൽ എഫ് കെ എൻ ആർ/ സി4-796/15(2) | 8 | |
| 2005-06 | എൽ എഫ് കെ എൻ ആർ/ സി4-796/15(3) | 7 | |
| 2006-07 | എൽ എഫ് കെ എൻ ആർ/ സി4-796/15(4) | 11 | |
| 2007-08 | എൽ എഫ് കെ എൻ ആർ/ സി4-796/15(5) | 15 | |
| 2008-09 | എൽ എഫ് കെ എൻ ആർ/ സി4-796/15(6) | 5 | |
| 2009-10, 2010-11 | എൽ എഫ് കെ എൻ ആർ/ സി4-796/15(7) | 34 | |

| | | | |
|---|---|---|---|
| 2011-12<br>2012-13 | എൽ എഫ് കെ എൻ ആർ/ സി4-1334/2014 13.3.15/16.4.15 | 15 | |
| 2013-14-,<br>2014-15 | കെ.എസ്.എ./കെ.എൻ.ആർ /സി4-1048/2016 17-06-2016 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ /കെ.എൻ.ആർ /സി1/2189/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,
ഫോൺ:04972-707698
ഇ.മെയിൽ.*lfaddistofficeknr@gmail.com*
തീയ്യതി. 01.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയരക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# AUDIT CERTIFICATE

KSA-K.N.R./C1.2189 /2016

Kerala State Audit Department,
District Audit Office, Kannur-670 001.
e-Mail:lfaddistofficeknr@gmail.com
Phone: 0497-2707698.

Date: 01-02-2017

Certified that I have audited the annual Financial Statement of Cherupuzha Gramapanchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Cherupuzha Gramapanchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director.

District Audit office,Kannur.